(ബി) ഈ പദ്ധതിയുടെ ആകെ അടങ്കൽ തുക എത്രയാണെന്നും എത്ര തുക ഇതിനകം അനുവദിച്ചിട്ടുണ്ടെന്നും ബാക്കി തുക ലഭ്യമാക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്നും അറിയിക്കാമോ?

ഉത്തരം

(എ) കാസറഗോഡ് ജില്ലയിലെ എൽ.ഐ.സി. സഹായത്തോടെ നടപ്പിലാക്കി വരുന്ന വെസ്റ്റ് എളേരിയും സമീപ ഗ്രാമങ്ങളും ഉൾപ്പെടുന്ന കുടിവെള്ള പദ്ധതിയുടെ മുഖ്യ ഘടകങ്ങളുടെ ഇപ്പോഴത്തെ സ്ഥിതി താഴെ പറയും പ്രകാരമാണ്:

1. കിണർ, പമ്പ് ഹൗസ്-45% പണി പൂർത്തിയായി.

2. റോ വാട്ടർ പമ്പിംഗ് മെയിൻ (250 mm DIK9 1665 മീറ്റർ) - സപ്ലൈയിംഗ് ആന്റ് ലേയിംഗ് അടിസ്ഥാനത്തിൽ വർക്ക് ചെയ്യാനുള്ള എസ്റ്റിമേറ്റ് അംഗീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

3. ക്ലിയർ വാട്ടർ പമ്പിംഗ് മെയിൻ (150 mm DIK9 1150 മീറ്റർ) - സപ്ലൈയിംഗ് ആന്റ് ലേയിംഗ് അടിസ്ഥാനത്തിൽ വർക്ക് ചെയ്യാനുള്ള എസ്റ്റിമേറ്റ് അംഗീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

4. ശുദ്ധീകരണശാല (4.50 എം. എൽ. ഡി. കപ്പാസിറ്റി) വർക്ക് ടെന്റർ ചെയ്യാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

5. വിതരണ ശൃംഖല- വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കിവരുന്നു.

6. ഭൂതല സംഭരണി (4.94 ലക്ഷം ലിറ്റർ കപ്പാസിറ്റി (എളേരിതട്ട്) പണി പൂർത്തീകരിച്ചു.

7. ഭൂതല സംഭരണി (10.68 ലക്ഷം ലിറ്റർ കപ്പാസിറ്റി) പ്രവൃത്തി ടെന്റർ ചെയ്തിട്ടുണ്ട്.

8. പമ്പ്സെറ്റ്, പവർ കണക്ഷൻ - വർക്ക് ഏർപ്പെടുത്തേണ്ടതുണ്ട്.

(ബി) പദ്ധതിയുടെ ഒറിജിനൽ അടങ്കൽ തുക - 781 ലക്ഷം രൂപ റിവൈസ്ഡ് അടങ്കൽ തുക 1335.18 ലക്ഷം രൂപ എൽ. ഐ. സി. യിൽ നിന്നും 204.16 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. ബാക്കി തുക ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

രാജീവ്ഗാന്ധി കുടിവെള്ള പദ്ധതിയിൽ ഉൾപ്പെടുത്തിയ പീരുമേട് താലൂക്കിലെ പദ്ധതികൾ

56 [513] ശ്രീ. ഇ. എം. അഗസ്തി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രാജീവ്ഗാന്ധി കുടിവെള്ള പദ്ധതിയിൽ ഉൾപ്പെടുത്തി ഇടുക്കി ജില്ലയിലെ പീരുമേട് താലൂക്കിൽ ഏതെല്ലാം പദ്ധതികൾ നടപ്പിലാക്കിയെന്ന് വെളിപ്പെടുത്തുമോ;

(ബി) ഇവയിൽ നടപ്പിലാക്കിയവയും നടപ്പിലാക്കാനുള്ളതും, പണികൾ നടന്നു വരുന്നതുമായ പദ്ധതികൾ ഏതെല്ലാമെന്ന് ഇനം തിരിച്ച് വെളിപ്പെടുത്തുമോ;

(സി) ഇതിൽ പൂർത്തീകരിച്ചവ ഏതെല്ലാമെന്നും ഇനി പൂർത്തീകരിക്കാനുള്ളവ എന്നത്തേക്ക് പൂർത്തീകരിക്കുവാൻ കഴിയുമെന്നും വെളിപ്പെടുത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) പുതിയ ഏതെല്ലാം പദ്ധതികളാണ് സർക്കാർ പരിഗണനയിൽ ഉള്ളതെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) രാജീവ്ഗാന്ധി കുടിവെള്ള പദ്ധതിയിൽ ഉൾപ്പെടുത്തി ഇടുക്കി ജില്ലയിലെ പീരുമേട് താലൂക്കിൽ കേരള വാട്ടർ അതോറിറ്റി മുഖേന ഏറ്റെടുത്ത പദ്ധതികൾ ചുവടെ കൊടുക്കുന്നു:

1. ത്വരിത ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതി
2. ത്വരിത ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതി - എൻ. സി./പി. സി.
3. സ്കൂളുകളിലേക്കുള്ള ശുദ്ധജല വിതരണ പദ്ധതി
4. പ്രധാനമന്ത്രിയുടെ സ്വാതന്ത്ര്യദിന പ്രഖ്യാപന പദ്ധതി
5. വരൾച്ചാ ദുരിതാശ്വാസ പദ്ധതി

കൂടാതെ, രാജീവ്ഗാന്ധി കുടിവെള്ള പദ്ധതിയിൽ ഉൾപ്പെടുത്തി ഇടുക്കി ജില്ലയിലെ പീരുമേട് താലൂക്കിൽ ഭൂജല വകുപ്പും ഒരു പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

(ബി) ഇവയിൽ കേരള വാട്ടർ അതോറിറ്റി മുഖേന നടപ്പിലാക്കിയ പദ്ധതികൾ ചുവടെ കൊടുക്കുന്നു:

1. എ. ആർ. പി.-എൻ. സി./പി. സി. പദ്ധതിയായ കൊക്കയാർ പഞ്ചായത്തിലെ നാരകംപുഴ എസ്. റ്റി. കോളനിയിലേക്കുള്ള കുടിവെള്ള പദ്ധതി.
2. വടക്കേമല എസ്. റ്റി. കോളനിയിലേക്കുള്ള എ. ആർ. പി.-എൻ. സി./പി. സി. കുടിവെള്ള പദ്ധതി.
3. പ്രധാനമന്ത്രിയുടെ സ്വാതന്ത്ര്യദിന പ്രഖ്യാപനപ്രകാരം 119 കുഴൽ കിണറുകൾ കുഴിച്ച് ഹാൻഡ് പമ്പുകൾ സ്ഥാപിക്കുന്ന പദ്ധതി.

കേരള വാട്ടർ അതോറിറ്റി മുഖേന നടപ്പിലാക്കാനുള്ളതും പണികൾ നടന്നു വരുന്നതുമായ പദ്ധതികൾ ചുവടെ കൊടുക്കുന്നു:

1. ഏലപ്പാറയ്ക്കും സമീപ വില്ലേജുകൾക്കുമുള്ള ത്വരിത ഗ്രാമീണ കുടിവെള്ള പദ്ധതി.
2. എ. ആർ. പി.-എൻ. സി./പി. സി.- കുമിളി കുടിവെള്ള പദ്ധതിയുടെ പുനരുദ്ധാരണ പദ്ധതി.
3. 18 ഗ്രാമീണ സ്കൂളുകളിലേക്കുള്ള ശുദ്ധജല വിതരണ പദ്ധതികൾ.
4. 2005 വരൾച്ചാ ദുരിതാശ്വാസ പദ്ധതിയിൽ ഉൾപ്പെടുത്തി നിലവിലുള്ള 10 കുടിവെള്ള പദ്ധതികളുടെ പുനരുദ്ധാരണ പ്രവർത്തനങ്ങൾ ഭൂജല വകുപ്പ് നടപ്പിലാക്കിയ പദ്ധതി വണ്ടിപ്പെരിയാർ, കന്നിമാറച്ചോല, വെള്ളാരംകുന്ന്, കുമളിയിൽ ഒരു കുഴൽ കിണർ നിർമ്മിച്ച് ഹാൻഡ് പമ്പ് ഘടിപ്പിച്ച കുടിവെള്ള പദ്ധതി എന്നിവയാണ്. ഈ പദ്ധതി പ്രകാരം ഭൂജല വകുപ്പിന് ഇനി നടപ്പിലാക്കാനായി നിലവിൽ പദ്ധതികളൊന്നും തന്നെയില്ല.

LIBRARY ARCHIVES Kerala Legislative Assembly

(സി) രാജീവ്ഗാന്ധി കുടിവെള്ള പദ്ധതി പ്രകാരം കേരള വാട്ടർ അതോറിറ്റി പൂർത്തീകരിച്ച പദ്ധതികൾ ചുവടെ കൊടുക്കുന്നു:

1. കൊക്കയാർ പഞ്ചായത്തിലെ നാരകംപുഴ എസ്. റ്റി. കോളനിയിലേക്കുള്ള കുടിവെള്ള പദ്ധതി

2. വടക്കേമല എസ്. റ്റി. കോളനിയിലേക്കുള്ള ശുദ്ധജല വിതരണ പദ്ധതി

3. പ്രധാനമന്ത്രിയുടെ സ്വാതന്ത്ര്യദിന പ്രഖ്യാപന പ്രകാരം 119 കുഴൽ കിണറുകൾ കുഴിച്ച് ഹാന്റ് പമ്പുകൾ സ്ഥാപിക്കുന്ന പദ്ധതി

കേരള വാട്ടർ അതോറിറ്റി പൂർത്തീകരിക്കാനുള്ള പദ്ധതികൾ ചുവടെ കൊടുക്കുന്നു:

1. ഏലപ്പാറയ്ക്കും സമീപ വില്ലേജുകൾക്കുമുള്ള കുടിവെള്ള പ്ദ്ധതി 2008 മാർച്ച് മാസത്തിൽ പൂർത്തീകരിക്കാൻ ലക്ഷ്യമിട്ടിരിക്കുന്നു.

2. കുമളി കുടിവെള്ള പദ്ധതിയുടെ പുനരുദ്ധാരണ ജോലികൾ 2008-ൽ പൂർത്തീകരിക്കാൻ ലക്ഷ്യമിട്ടിരിക്കുന്നു.

3. 18 ഗ്രാമീണ സ്കൂളുകളിലേക്കുള്ള കുടിവെള്ള പദ്ധതികൾ 2006 ഏപ്രിൽ മാസത്തോടെ പൂർത്തീകരിക്കാൻ ലക്ഷ്യമിട്ടിരിക്കുന്നു.

4. 2005 വരൾച്ചാ ദുരിതാശ്വാസ പദ്ധതിയിൽ ഉൾപ്പെടുത്തി നിലവിലുള്ള 10 കുടിവെള്ള പദ്ധതികളുടെ പുനരുദ്ധാരണ പ്രവർത്തനങ്ങൾ 2006 മാർച്ച് മാസത്തിൽ പൂർത്തീകരിക്കാൻ ലക്ഷ്യമിട്ടിരിക്കുന്നു.

രാജീവ്ഗാന്ധി കുടിവെള്ള പദ്ധതി പ്രകാരം ഭൂജല വകുപ്പ് പീരുമേട് താലൂക്കിൽ വണ്ടിപ്പെരിയാർ, കന്നിമാറച്ചോല, വെള്ളാരംകുന്ന് എന്നിവയും കുമളിയിൽ ഒരു പദ്ധതിയും പൂർത്തീകരിച്ചു. ഭൂജല വകുപ്പിന് ഇനി പൂർത്തീകരിക്കാനായി പദ്ധതി നിലവിലില്ല.

(ഡി) പുതിയ പദ്ധതികളൊന്നും തന്നെ ഇപ്പോൾ പരിഗണനയിലില്ല.

കല്ലറ പാങ്ങോട് ശുദ്ധജല വിതരണ പദ്ധതി

57 [514] ശ്രീ. പിരപ്പൻകോട് മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1998-ൽ നിർമ്മാണം ആരംഭിച്ച കല്ലറ പാങ്ങോട് ശുദ്ധജല വിതരണ പദ്ധതിയുടെ നിർമ്മാണം ഏത് ഘട്ടംവരെയായിട്ടുണ്ട്;

(ബി) 8 വർഷമായി നിർമ്മാണം നടക്കുന്ന ഈ പദ്ധതി എപ്പോൾ പൂർത്തിയാക്കാൻ കഴിയും;

(സി) എൺപത് ശതമാനം പണിയും പൂർത്തിയാക്കിയ ഈ പദ്ധതിയുടെ പണി മുടങ്ങിയിട്ട് എത്ര കാലമായി;

(ഡി) പണി വീണ്ടും തുടങ്ങാനും പദ്ധതി പൂർത്തിയാക്കാനും വേണ്ടി വാട്ടർ അതോറിറ്റിയും ഗവൺമെന്റും സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly